പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1232

03.12.2018-ൽ മറുപടിക്ക്

## മുള്ളറവിള-ആയയിൽ, കന്നിപ്പുറം പാലങ്ങളുടെ നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. ആൻസലൻ : | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലേക്ക് 2016-17 പൊതുബജറ്റിൽ അനുവദിച്ച മുള്ളറവിള-ആയയിൽ പാലം, കന്നിപ്പുറം പാലം എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് പൂർത്തികരിക്കേണ്ടതെന്ന് വ്യക്തമാക്കാമോ; | (എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ 2016-17 കിഫ്ബി പദ്ധതിയായ ആയയിൽ മുള്ളറവിള പാലത്തിനുള്ള റിവൈസ്ഡ് ഡി.പി.ആർ സാമ്പത്തിക അനുമതിയ്ക്കായി കിഫ്ബിയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. സാമ്പത്തിക അനുമതി ലഭിക്കുകയും സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുകയും ചെയ്യേണ്ടതുണ്ട്.<br>കന്നിപ്പുറം പാലത്തിന് കിഫ്ബിയിൽ നിന്നും സാമ്പത്തിക അനുമതി ലഭിച്ചു. ടി പദ്ധതിയ്ക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കേണ്ടതുണ്ട്. |
| (ബി). പ്രസ്തുത പാലങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് എന്ത് നടപടിയാണ് പൂർത്തീകരിക്കാൻ ഉള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) ടി പദ്ധതികളുടെ ഭാഗമായി ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് പുതിയ എൽ.എ ആക്ട് പ്രകാരമുള്ള നടപടി ക്രമങ്ങൾ നടക്കേണ്ടതായിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട നടപടികൾ റവന്യൂ വകുപ്പിൽ നടന്നു വരുന്നു. കൂടാതെ കന്നിപ്പുറം പാലത്തിന്റെ അപ്രോച്ച് റോഡിനാവശ്യമായ കോടതിയുടെ ഭൂമി പൊതുമരാമത്ത് വകുപ്പിനു കൈമാറി ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു |

| | |
|---|---|
| (സി). 2019-മാർച്ചിന് മുമ്പ് നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ? | (സി) ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. അടിയന്തിരമായി നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ